## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2852 — 07.02.2018-ൽ മറുപടിയ്ക്ക്

## കരമന-വെള്ളറട റോഡ് നവീകരണം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.സി.കെ.ഹരീന്ദ്രൻ** | | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) | കരമന-വെള്ളറട റോഡിന്റെ നവീകരണത്തിനായി റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി (റിക്) വഴി നടപ്പിലാക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ; | (എ) കരമന – വെള്ളറട റോഡിന്റെ നവീകരണത്തിന് ഭൂമി ഏറ്റെടുക്കുന്നതിനായി 21.74 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ നടന്നു വരുന്നു. ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന ജോലി പുരോഗമിച്ച് വരുന്നു. |
| (ബി) | പ്രസ്തുത റോഡിന്റെ വികസനത്തിനായുള്ള അലൈൻമെന്റ് പ്രകാരം പാറശ്ശാല നിയോജക മണ്ഡലത്തിൽ എത്ര സ്ഥലം ഏറ്റെടുക്കേണ്ടി വരുമെന്ന് വ്യക്തമാക്കുമോ; | (ബി) പ്രസ്തുത റോഡിന്റെ വികസനത്തിനായുള്ള അലൈൻമെന്റ് നിശ്ചയിക്കുവാനുള്ള സർവ്വേ നടപടികൾ നടന്നു വരുന്നു. റവന്യൂ അധികൃതരും ചേർന്നുള്ള സംയുക്ത പരിശോധന പൂർത്തിയാക്കുന്ന മുറക്ക് പുറമ്പോക്ക് കഴിച്ച് സ്വകാര്യ വ്യക്തികളുടെ സ്ഥലം ഏറ്റെടുക്കേണ്ടതായി വരും. ആ സന്ദർഭത്തിൽ മാത്രമേ എത്ര സ്ഥലം ഏറ്റെടുക്കേണ്ടി വരും എന്നുള്ളതിൽ തീരുമാനം എടുക്കുവാൻ സാധിക്കുകയുള്ളൂ. |
| (സി) | പ്രസ്തുത അലൈൻമെന്റ് പ്രകാരം ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ മൂല്യനിർണ്ണയം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) ടി പ്രവൃത്തിക്ക് ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ മൂല്യനിർണ്ണയം നടത്തിയിട്ടില്ല. അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന ജോലി പൂർത്തിയാക്കിയ ശേഷം മാത്രമേ ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ വിസ്തീർണ്ണം നിർണ്ണയിച്ച് മൂല്യനിർണ്ണയ നടപടി ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ